<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1973</u> <u>11-10-2021 - ൽ മറുപടിയ്ക്ക്</u>

<u>പോലീസ് വകുപ്പിലെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് അസിസ്റ്റന്റ് തസ്തിക</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് വകുപ്പിലെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് അസിസ്റ്റന്റിന്റെ (പോളിഗ്രാഫ്)(പുതിയ പേര് സയന്റിഫിക് ഓഫീസർ) എത്ര അംഗീകൃത തസ്തികകളാണ് വകുപ്പിന്റെ തുടക്കത്തിൽ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഒന്ന് (1) |
| (ബി) | ടി തസ്തികകളുടെ എണ്ണത്തിൽ പിന്നീട് എപ്പോഴെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ മുതൽ; എന്തായിരുന്നു കാരണം; സർക്കാർ ഉത്തരവിന് വിധേയമായിട്ടാണോ ഈ നടപടി; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ; നിലവിൽ വകുപ്പിൽ എത്ര അംഗീകൃത തസ്തികകളാണുള്ളത്; | (ബി) | ഇല്ല. പോലിസ് വകുപ്പിലെ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സയന്റിഫിക് ഓഫീസർ (പോളിഗ്രാഫ്) അംഗീകൃത തസ്തികയുടെ എണ്ണം ഒന്ന് (1) ആണ്. |
| (സി) | തസ്തിക വെട്ടികുറയ്ക്കാൻ സർക്കാർ അനുമതി ഇല്ലെങ്കിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഈ തസ്തികയിലെ എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നടത്തുമോ; നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചിട്ടുണ്ട്; | (സി) | തസ്തിക വെട്ടികുറച്ചിട്ടില്ല. പോലീസ് വകുപ്പിൽ സയന്റിഫിക് ഓഫീസർ (പോളിഗ്രാഫ്) തസ്തികയ്ക്ക് 16.03.2021 തീയതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയിൽ നിന്നും 25.10.2017 തീയതിയിൽ റിപ്പോർട്ട് ചെയ്തിരുന്ന ഒരു ഒഴിവിലേയ്ക്ക് 17.04.2021 തീയതിയിൽ പി.എസ്.സി നിയമന ശിപാർശ നൽകിയിരുന്നു. എന്നാൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A No. 1089/2021 - ലെ 23.06.2021 തീയതിയിലെ ഉത്തരവ് പ്രകാരം അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥിയുടെ നിയമനം താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്. |
| (ഡി) | ഈ തസ്തികയിലേയ്ക്ക് കഴിഞ്ഞ 20 വർഷത്തിനുള്ളിൽ എപ്പോഴെല്ലാമാണ് പി.എസ്.സി. യ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വർഷം, റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം എന്നിവ വ്യക്തമാക്കാമോ; | (ഡി) | കഴിഞ്ഞ 20 വർഷത്തിനുള്ളിൽ പി.എസ്.സി - ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, വർഷം തിരിച്ച് ചുവടെ ചേർക്കുന്നു: വർഷം എണ്ണം 2005 1 2010 1 2017 1 |
| (ഇ) | വകുപ്പ് ടി തസ്തികകളുടെ എണ്ണത്തിൽ കുറവ് | (ഇ) | തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | വരുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം സർക്കാരിനെയോ പി.എസ്.സി. യെയോ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | | |
| (എഫ്) | വകുപ്പിലെ ഈ തസ്തികയുടെ കേഡർ സ്ട്രെങ്ത്തിൽ കുറവ് വരുത്തിയിട്ടുണ്ടെങ്കിൽ ആ വിവരം പി.എസ്.സി. യെ അറിയിക്കണമെന്നാവശ്യപ്പെട്ട് റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്കുള്ള വ്യക്തി അപേക്ഷ നൽകിയിരുന്നോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; നടപടിയൊന്നും സ്വീകരിച്ചില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എഫ്) | കേഡർ സ്ട്രെങ്ത്തിൽ കുറവ് വരുത്തിയിട്ടില്ല. ഇപ്രകാരമൊരു അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ, കേഡർ സ്ട്രെങ്ത്തിൽ കുറവ് വരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. |
| (ജി) | ടി തസ്തികയിൽ ഇപ്പോൾ പി.എസ്.സി. മുഖേന എത്ര പേർ ജോലി ചെയ്യുന്നു; ഇനി ഒഴിവുണ്ടോ; നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥിയുടെ നിയമനം സംബന്ധിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്ന് ഇടക്കാല ഉത്തരവ് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ? | (ജി) | നിലവിലെ ഒരൊഴിവിൽ പി.എസ്.സി അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A No. 1089/2021 - ലെ 23.06.2021 തീയതിയിലെ ഉത്തരവ് പ്രകാരം അഡ്വൈസ് ചെയ്ത ഉദ്യോഗാർത്ഥിയുടെ നിയമനം താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ